**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4838** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്ത എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ പട്ടിക ജാതി വകുപ്പിന്റെ കീഴിലുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം തോന്നയ്ക്കലിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും പ്രവർത്തനം ആരംഭിക്കാത്തതുമായ മറ്റ് സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1.കൊഴിഞ്ഞാമ്പാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട്<br><br>2.മനിശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, പാലക്കാട്.<br><br>3.ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, എറണാകുളം.<br><br>4.ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, ആലപ്പുഴ. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | തോന്നയ്ക്കൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.<br><br>കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ-പാലക്കാട്, മനിശ്ശേരി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ-പാലക്കാട്, ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ-എറണാകുളം, ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ-ആലപ്പുഴ എന്നീ സ്ഥാപനങ്ങൾ ഉന്നതി സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരെ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയതിനു ശേഷം ടി സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | തോന്നയ്ക്കൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.<br><br>കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ-പാലക്കാട്, മനിശ്ശേരി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ-പാലക്കാട്, ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ-എറണാകുളം, ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ-ആലപ്പുഴ എന്നീ സ്ഥാപനങ്ങൾ ഉന്നതി സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരെ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയതിനു ശേഷം ടി സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ